# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയേഴ്

ജോയിക്കുട്ടി,

കേൾക്കാൻ തെയാറാണെങ്കിൽ ഒരു കോടി കഥകൾ പറയാൻ ഒരുക്കമാണെന്ന് പറഞ്ഞു കൊണ്ടാണ് ജോസഫ്അച്ചൻ കഥ പറയാൻ തുടങ്ങിയത്. പതിവ് പുഞ്ചിരി മുഖത്ത് പരിലസിക്കുന്നുണ്ട് ഇന്നും.

## പള്ളിക്കുള്ളത്

അച്ചൻ കേരളത്തിലുണ്ടായിരുന്ന പഴയ കാലത്തെ ഒരനുഭവ കഥയാണിത്:

ആ ഇടവകയിലെ ഒരു പുരാതന പ്രശസ്ത കുടുംബമാണ് പള്ളി പടിഞ്ഞാറ്റത്തേത്. പിപി എന്ന് ചുരുക്കത്തിൽപറയും. ഇന്നത് ക്ഷയിച്ച് കുടുംബ പേരു മാത്രമായിരിക്കുകയാണ്. ഏക്കറു കണക്ക് പുരയിടവും നെൽകൃഷിയും ആടു മാടുകളും അടിയാന്മാരും എന്നു വേണ്ട പ്രമാണികളെകൊണ്ട് നിറഞ്ഞതായിരുന്നു. അതിന്റെ അവസാനത്തെ കണ്ണിയാണ് അവറാച്ചന്റേത്. ആയ കാലത്ത് അവറാച്ചൻ മുതലാളി എന്നു നാട്ടുകാർ വിളിച്ചിരുന്നെങ്കിൽ ഇന്ന് മുതലാളി എന്നതിന്റെ അവസാനത്തെ അക്ഷരം വെട്ടിക്കളഞ്ഞ പരുവത്തിലായി. അയാളെ കണ്ടാലും അതുപോലെ തന്നെ തോന്നിക്കും.

പഴയ കാലത്ത് നേരം വെളുക്കുന്നതിനു മുമ്പ് കാർന്നോന്മാർ പുരയിടത്തിൽ അടിയാന്മാരേം കൂട്ടികൊണ്ട് കൃഷിക്കിറങ്ങുമായിരുന്നു. ഇന്ന് അവറാൻ മുതലയുടെ കാലത്ത് നേരം പത്തു മണിവെരെ കൂക്കം വലിച്ചു കിടന്നുറങ്ങും. അയാൾ ഒരു ഉറക്ക പ്രിയനായിരുന്നു. എന്നാൽ ഭാര്യ കുഞ്ഞന്നമ്മ വെളുപ്പാൻ കാലത്ത് എഴുന്നേറ്റാൽ പിന്നെ പണിയൊട് പണി തന്നെ. അവറാന്റെ പ്രായമായ അപ്പൻ കൂടെയുണ്ട്. അപ്പൻ പറയുന്നതുപോലെ മാത്രമാണ് എല്ലാവരും അനുസ്സരിച്ച് ആദരിച്ച് ജീവിക്കുന്നത്. അപ്പന് വെളുപ്പിനെ അഞ്ചു മണിക്ക് എഴുന്നേറ്റ് എല്ലാവരും കൂടെ പ്രഭാതപ്രാത്ഥന നടത്തണമെന്ന് നിബന്ധമാണ്. ഇഷ്ടമല്ലായെങ്കിലും അപ്പന്റെ വഴക്ക് അതിരാവിലെ തന്നെ കേൾക്കണ്ടായെന്നു കരുതി അവറാനും കാലത്ത് തന്നെ എഴുന്നേറ്റ് പ്രാത്ഥിച്ചിട്ട് ഓടിപോയി മൂടിപുതച്ച് കിടന്നുറങ്ങും. അതിരാവിലെയുള്ള മൂടിപുതച്ചുള്ള ഉറക്കം പരമസുഖമെന്നാണ് അവറാന്റഭിമതം. കുഞ്ഞന്നമ്മക്ക് അതു കാണുന്നതു തന്നെ വലിയ അരിശമാണ്. എല്ലാ വീട്ടിലും ഇതുപോലെ ഭാര്യാഭത്താക്കന്മാർ വ്യത്യസ്താഭിപ്രായമുള്ളവരാണെന്നാണ് അയാളുടെ തത്ത്വശാസ്ത്രം.

അവറാനും കുഞ്ഞന്നമ്മക്കും കൂടെമക്കൾ ഒമ്പതാണ്. എട്ട് പെൺമക്കളും ഒരാണും. മക്കൾ എല്ലാവരും പ്രായമായി. പെൺമക്കളെല്ലാവരേയും വിവാഹം കഴിപ്പിച്ചതുമാണ്. മൂത്ത മകൾ ഹൈസ്ക്കൂൾ കഴിഞ്ഞുടനെ തന്നെ നേഴ്സിംഗ് പഠിച്ചു. പിന്നീടനുജത്തിമാരെയെല്ലാം അതുപോലെ തന്നെ നേഴ്സിംഗ് പഠിക്കാൻ വിട്ടു. മൂത്ത മകൾ വളരെ കഷ്ടപ്പെട്ട് അമേരിക്കയിൽ പോയി കഴിഞ്ഞപ്പോൾ അനുജത്തിമാരെ ഓരോരുത്തരെയായി അവിടെ എത്തിച്ചു. അമേരിക്കയിലുള്ള പെണ്ണുങ്ങളെ വിവാഹം കഴിക്കാൻ നല്ല യോഗ്യതയുള്ള നല്ല നല്ല കുടുംബത്തിലുള്ള നല്ല നല്ല ചെറുക്കന്മാരേയും കിട്ടി. അങ്ങിനെ അവരെല്ലാവരും നല്ല നിലയിലെത്തി. അതെല്ലാം അതിരാവിലെയും മൂവന്തികൂടുമ്പോഴുമുള്ള കുടുംബപ്രാത്ഥന മൂലമാണെന്നാണ് കുഞ്ഞന്നമ്മയുടെ ജ്ഞാനം.

ഏറ്റവും ഇളയ മകൻ അവൻ പാമ്പാണ്. പാമ്പുതോമ്മായെന്നാണ് നാട്ടുകാർ അവനെ വിളിക്കുന്നതു തന്നെ. ഒമ്പതെണ്ണത്തിൽ ഒടുവിലായി ദൈവം തന്നവനെ ദൈവത്തിനെന്നു പറഞ്ഞ് പരിശുദ്ധ തോമ്മാശ്ലീഹായുടെപേരുംകൊടുത്തു. ഇളയ പുത്രൻ, ഏക ആൺതരി എന്നെല്ലാം കണക്കിലെടുത്ത് അവനെ ചെറുപ്പം മുതലേ ലാളിച്ചു വളത്തി. അങ്ങിനെ അവൻ നശിച്ചു എന്നു പറയുന്നതാവും കൂടുതൽ ശരി. പഠിത്തത്തിൽ അവൻ ഉഴപ്പി. ഹൈസ്ക്കൂൾ പോലും എത്തുന്നതിനു മുമ്പ് പഠിത്തം നിത്തി. ചെറുപ്പകാലത്ത് പുരയിടത്തിലെ തെങ്ങ് ചെത്തുന്നിടത്തു നിന്ന് പൊന്നു മോന് മധുരകള്ള് കൊടുത്ത് പരിചയിപ്പിച്ചു. അതിൽ അപ്പനും അമ്മയും വല്ല്യപ്പനും ഒരു പോലെ ഉത്തരവാദികളാണ്. പിന്നീട് പിന്നീട് ചെത്തുകാരൻ രാമനെ നോക്കിയിരിപ്പായി പൊന്നു മോൻ. വളന്നപ്പോൾ കള്ളുഷാപ്പിലായി. ആദ്യം തെങ്ങ് തുടങ്ങി പട്ടയിൽ കൂടെ പനയിലൂടെ വാറ്റിൽ ചെന്ന് രാത്രിയാവുമ്പോ വീട്ടിൽ ചെന്നു നിൽക്കും.വീട്ടിലെഅരിപ്പെട്ടിയുംകാൽപ്പെട്ടിയും കുത്തിപ്പൊളിക്കാൻ തുടങ്ങിയപ്പൊൾ വീട്ടിലെ ഒന്നിനും പൂട്ടില്ലാത്ത അവസ്ഥയിലായി. ആ വീട്ടിലെവിടെ പണം വെച്ചാലും അവിടെ നിന്നെല്ലാം അവൻ തപ്പി പെറുക്കുമെന്നായപ്പോൾ വീട്ടിലെ ഒന്നിനും പൂട്ടു വെക്കാതിരിക്കാൻ നിബന്ധിതരായി.

പെൺമക്കളെല്ലാം മാസാമാസം പണമയച്ചു കൊടുക്കും. അമ്മയുടെ പേരിലാണ് അയച്ചു കൊടുക്കുന്നത്. കുഞ്ഞന്നമ്മ അത് ബാങ്കിൽ നിക്ഷേപിച്ചിട്ട് അതാതു ദിവസത്തേക്കുള്ളത് ബാങ്കിൽ നിന്ന് എടുത്ത് തുണി തുമ്പിൽ കെട്ടിവെച്ച് കഴിയാൻ തുടങ്ങി.

''ഞങ്ങൾ മക്കൾ ഒമ്പതാ. എന്റെ ചേച്ചിമാരെല്ലാം അമേരിക്കയിലാണ്. അവരെല്ലാം കോടീശ്വരികളാണ്. പിന്നെനിക്ക് പാമ്പായാലും ചേമ്പായാലും എന്താ'' കള്ളും കുടിച്ച് വെളിവില്ലാതെ തോമ്മാ പാട്ടും പാടി വീട്ടിൽ വരും.

ഒരിക്കൽ മൂത്ത ചേച്ചി അവധിക്കു വന്നപ്പോൾ അവൾ പറഞ്ഞു എന്റെ മുമ്പിലെങ്ങാനും കള്ളും കുടിച്ച് പാട്ടും പാടി വന്നാൽ ഞാൻ തല്ലികൊന്നിട്ട് ജയിലിൽ പോകും. അവൾ അവനെ അടിച്ച് താഴെയിട്ടപ്പോൾ താഴെക്കിടന്ന് അവൻ പറഞ്ഞത്: ''എന്റെ പൊന്നു ചേച്ചീ എന്നെ തല്ലിക്കോ, പക്ഷേ എന്നെ കൊന്നിട്ട് എന്റെ പൊന്നു ചേച്ചി ജയിൽ പോകാൻ ഞാൻ സമ്മതിക്കത്തില്ല. ചേച്ചി ഞങ്ങളുടെ ദൈവമാണ്. ചേച്ചിയാണ് ഈ കുടുംബത്തെ രക്ഷിച്ചത്'' അവൾ ഇതു കേട്ടപ്പോൾ പൊട്ടിക്കരഞ്ഞു പോയി. അവധി തീരുന്നതിനു മുമ്പായി മടങ്ങി അമേരിക്കയിൽ പോയി.

നമ്മുടെ ജോസഫച്ചന്റെയടുക്കൽ പരാതിയുമായി അവറാനും കുഞ്ഞന്നമ്മയും കൂടി എത്തി. അവിടെ എന്തോ പ്രശ്നം ഉണ്ട്. ജോത്സ്യനെ വരുത്തി പ്രശ്നം വെച്ചു നോക്കുന്നത് നമ്മുടെ സഭയുടെ ആചാരപ്രകാരം ശരിയല്ലല്ലൊ! പുരയിടത്തിൽ ചക്കമാങ്ങാ എന്നു വേണ്ട എന്താദായം കൊണ്ടുവന്നാലും അതിലെല്ലാം പുഴുവാണ്. തേങ്ങാ ഒറ്റയെണ്ണം നേരേചൊവ്വേ കിട്ടത്തില്ല. മിക്കവാറും എല്ലാ തെങ്ങും മണ്ട കേടായിരിക്കുന്നു. പരയിടത്തിൽ എന്തെങ്കിലും ആദായം എടുക്കാമെന്നു വെച്ചാൽ അതൊന്നും ശരിയാകുന്നില്ല. അവസാനം അച്ചൻ അവരുടെ വീട്ടിൽ പോയി. വിരുന്നു മുറിയിൽ പലതും ഇരിക്കുന്ന കൂട്ടത്തിൽ ഒരു കാഡ്ബോഡ് പെട്ടിയേൽ ''പള്ളിക്ക്'' എന്നെഴുതിയിരിക്കുന്ന പെട്ടി കണ്ടു. അതെന്താണെന്നന്വേഷിച്ചപ്പോൾ: വീട്ടിലെ അപ്പച്ചൻ പ്രത്യേകം പറഞ്ഞിട്ടുണ്ട് കടയിൽ ആരും എടുക്കാത്ത മുഷിഞ്ഞതും മുറിഞ്ഞതും കേടു വന്നതുമായ രൂപാകൾ എല്ലാം അതിലിട്ടു വെച്ച് പള്ളിയിൽ പോകുമ്പോൾ ആ പണം പള്ളിക്ക് കൊടുക്കണമെന്ന്. ആ സമ്പ്രായം പെട്ടന്നു മാറ്റാൻ അവരോടാവശ്യപ്പെട്ടു. അപ്പോൾ അങ്ങിനെ കിട്ടുന്ന പണം എന്തു ചെയ്യണമെന്നായി ചോദ്യം!